# Malayala Manorama
# 28 August 2018
# After Flood, Protection from Flood, Housing Sector



## ള്ളപ്പൊക്കസാധ്യത കണക്കിലെടുത്താകണം ഇനി രൂപകൽപന



**ടോണി ജോസഫ്**
ആർക്കിടെക്ട്

കാലാവസ്ഥാ വ്യതിയാനത്തിന്റെ കാലങ്ങളിലൂടെയാണു നാം സഞ്ചരിക്കുന്നത്. വെള്ളപ്പൊക്കത്തെയും വരൾച്ചയെയും വല്ലപ്പോഴും സംഭവിച്ചേക്കാവുന്ന ദുരന്തമെന്നു പറഞ്ഞു മാറ്റിനിർത്താൻ കഴിയുന്ന ഒരു ഭാവിയിലേക്കല്ല നമ്മൾ കടക്കുന്നതും. എന്തും എപ്പോഴും കരുതിയിരിക്കണം. വീടോ മറ്റെന്തെങ്കിലും നിർമിതിയോ നടത്തുമ്പോൾ കരുതൽ വേണം ഇനിയുള്ള കാലം. വെള്ളത്തെ പ്രതിരോധിക്കാനുള്ള ശക്തി പുഴയോരങ്ങളിലെയും താഴ്ന്ന പ്രദേശങ്ങളിലെയും വീടുകൾക്കും കെട്ടിടങ്ങൾക്കും മാത്രമല്ല വേണ്ടതെന്ന പാഠവും ഈ പ്രളയം നമ്മെ പഠിപ്പിക്കുന്നുണ്ട്.

കേരളത്തിലെ സ്ഥലലഭ്യതക്കുറവും ഭൂപ്രകൃതിയും മൂലം വെള്ളപ്പൊക്ക സാധ്യതാ പ്രദേശങ്ങളിലും വീടു വയ്ക്കാതെ നിർവാഹമില്ലാത്ത സ്ഥിതിയാണ്. വെള്ളപ്പൊക്കത്തെ പ്രതിരോധിക്കുന്ന വീടുകൾ, എന്നൊന്ന് ഇനിയും പൂർണമായി പ്രാവർത്തികമല്ലാത്തതിനാൽ, കൃത്യമായ കാലാവസ്ഥാ പ്രവചനവും രക്ഷാപ്രവർത്തന മാർഗങ്ങളുമാണു കേരളത്തിൽ വേണ്ടത്.

പാശ്ചാത്യരാജ്യങ്ങളിൽ പല തരം ഫ്ലോട്ടിങ് ഹൗസ് സാങ്കേതികവിദ്യകളും പ്രയോഗത്തിലായിട്ടുണ്ടെങ്കിലും കേരളത്തിൽ പൊതു സമൂഹത്തിന് അതിന്റെ ചെലവു താങ്ങാനാകണമെന്നില്ല.

കേരളത്തിൽ ഇനി നിർമിക്കുന്ന ഓരോ വീടും ഇത്തവണത്തെ 'ഫ്ലഡ് ലെവൽ' വച്ച് പ്ലാൻ ചെയ്തവയാകണം.

ലഭ്യമായ സ്ഥലത്തു വീടുവയ്ക്കാനേ പലർക്കും നിർവാഹമുള്ളൂ. അതിനാൽ ഡിസൈനിലാണു മാറ്റം വേണ്ടത്. വെള്ളം പൊങ്ങാത്ത സ്ഥലങ്ങൾ എന്നതിനെക്കാൾ, വെള്ളപ്പൊക്കത്തിൽ നാശനഷ്ടങ്ങൾ കുറയുന്ന രീതിയിലുള്ള വീട് എന്ന ചിന്തയിലേക്കു ഫോക്കസ് മാറണം.

പ്രീകാസ്റ്റ് കോൺക്രീറ്റ് വീടുകളാണ് വെള്ളം മൂലമുണ്ടാകുന്ന നാശനഷ്ടം കുറയ്ക്കാനുള്ള ചെലവുകുറഞ്ഞ വഴി. ഓരോ മേഖലയിലെയും മണ്ണിന്റെ ഘടനയ്ക്കനുസരിച്ചുള്ള രീതിയിൽ വീടിന്റെ ഫൗണ്ടേഷൻ ചെയ്യണം.

വാട്ടർ ഡാമേജ് റസിസ്റ്റന്റ്-നിർമാണ വസ്തുക്കൾ വിപണിയിൽ ലഭ്യമാണ്. വെള്ളം അകത്തേക്കു കടക്കാത്ത നിർമാണ വസ്തുക്കൾ തിരഞ്ഞെടുക്കണം. കൃത്യമായ സർവീസും ഉറപ്പാക്കണം.

ഗ്രൗണ്ട് ഫ്ലോർ ഫ്രീയാക്കിയിടുക എന്നതാണ് രണ്ടാമത്തെ ഓപ്ഷൻ. ഉറപ്പുള്ള തൂണുകളിൽ നിൽക്കുന്ന രീതിയിലാകാം നിർമാണം. താഴത്തെ ഏരിയ സ്റ്റോറേജിനോ പാർക്കിങ്ങിനോ ഉപയോഗിക്കാം.

തയാറാക്കിയത്:
**പിങ്കി ബേബി**



### 3. മോർഫോസിസ് ഫ്ലോട്ട് ഹൗസ്

ന്യൂഓർലിയൻസ് പ്രളയത്തിനു ശേഷം ബ്രാഡ് പി
റ്റിന്റെ നേതൃത്വത്തിലുള്ള മെയ്ക് ഇറ്റ് റൈറ്റ് ഫൗ
ണ്ടേഷൻ നിർമിച്ച വീട്.പോളിസ്റ്റൈറിൻ ഫോം,
ഗ്ലാസ് ഫൈബർ റീ ഇൻഫോഴ്സ്ഡ്കോൺക്രീറ്റ്
എന്നീ നിർമാണവസ്തുക്കൾ ഉപയോഗിക്കുന്നതു
മൂലം ഭാരം കുറവ്.945 ചതുരശ്ര അടിയുള്ള വീട് പ്ര
ളയമാകുമ്പോൾ, ഒഴുക്കി രക്ഷപ്പെടാവുന്ന ഒരു യാ
നമായി പ്രവർത്തിക്കും.